SGST/575/2026-PRC

# സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പ്

ടാക്സ് ടവർ , കിള്ളിപ്പാലം,
കരമന തിരുവനന്തപുരം
തീയതി : 13-07-2026
ഇ-മെയിൽ: cstintadm.sgst@kerala.gov.in

## പത്രക്കുറിപ്പ്

### "Operation Stormlight" -സംസ്ഥാന വ്യാപകമായി ബാർ ഹോട്ടലുകളിൽ സംസ്ഥാന ജി.എസ്സ്.ടി ഇൻറലിജൻസ് വിഭാഗത്തിൻറെ പരിശോധന- 70.73 കോടി രൂപയുടെ വിറ്റുവരവ് വെട്ടിപ്പ് കണ്ടെത്തി

തിരുവനന്തപുരം: "Operation Stormlight" എന്ന പേരിൽ സംസ്ഥാന ജി.എസ്സ്.ടി വകുപ്പ് ഇൻറലിജൻസ് & എൻഫോഴ്സ്മെൻറ് വിഭാഗം സംയുക്തമായി സംസ്ഥാന വ്യാപകമായി ബാർ ഹോട്ടലുകളിൽ നടത്തിയ പരിശോധനയിൽ കോടികളുടെ നികുതി വെട്ടിപ്പ് കണ്ടെത്തി. ജൂലൈ 10 ന് വൈകുന്നേരം 4.00 ന് ആരംഭിച്ച പരിശോധന ജൂലൈ 11 ന് പുലർച്ചെ വരെ നീണ്ടു . മാസംതോറും ഉള്ള റിട്ടേണുകൾ നിശ്ചിത സമയത്തു സമർപ്പിക്കാതെ നികുതി വെട്ടിക്കുന്ന ബാർ ഹോട്ടലുകളിൽ ആണ് പരിശോധന നടത്തിയത്.

38 ബാർ ഹോട്ടലുകളിൽ നടത്തിയ പരിശോധനയിൽ പ്രാഥമിക റിപ്പോർട്ടുകൾ പ്രകാരം 70.73 കോടിയുടെ വിറ്റുവരവ് വെട്ടിപ്പും 7.06 കോടിയുടെ നികുതി വെട്ടിപ്പും കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ നിന്ന് മുൻ വർഷങ്ങളിലെ ഇടപാടുകൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചതിൽ നിന്നും കൂടുതൽ നികുതി വെട്ടിപ്പ് പുറത്തു വരുമെന്ന് പ്രതീക്ഷിക്കുന്നു.

നികുതി വെട്ടിപ്പ് നടത്തുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൻറെ അന്വേഷണവും , നടപടികളും ശക്തമായി തുടരുമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണർ അറിയിച്ചു.

Sd/-

ADDITIONAL COMMISSIONER